# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 05 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**ശബരിമല: വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും കോവിഡ് പരിശോധന**

ശബരിമലയിലെയും പമ്പയിലെയും വിവിധ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും കോവിഡ് പരിശോധന ഉറപ്പാക്കാൻ സന്നിധാനത്ത് ചേർന്ന ഉന്നതസമിതി യോഗം തീരുമാനിച്ചു.

14 ദിവസത്തിൽ അധികം ശബരിമലയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാവർക്കും കോവിഡ് 19 ആന്റിജൻ പരിശോധന ഉറപ്പാക്കും. സന്നിധാനത്തെ അടക്കം അപകടഭീഷണി ഉയർത്തുന്ന മരച്ചില്ലകൾ മുറിച്ച് നീക്കുന്നതിനും യോഗത്തിൽ തീരുമാനമായി. കോവിഡ് 19 രോഗപ്രതിരോധ നടപടികളുടെ ഭാഗമായി ശബരിമലയിലെ എല്ലാ വകുപ്പ് മേധാവികൾക്കും തെർമൽ സ്കാനർ നൽകി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശരീര താപനില ദിവസവും പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കും.

യോഗത്തിൽ സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ബി.കെ. പ്രശാന്തൻ കാണി, സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. മനോജ്, ദേവസ്വം ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്***

ശബരിമലയിലെ സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താനായി ചേർന്ന

ഉന്നതസമിതി യോഗം.

**(പി .ആര്‍. ശബരി -75)**


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.